**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5262**

**01.07.2019 ലെ മറുപടിക്ക്**

**<u>ധനകാര്യ വകുപ്പിന്റെ തുടർച്ചാനുമതി ലഭിച്ചുകൊണ്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ</u>**

| **ചോദ്യം**<br>**ശ്രീ. അൻവർ സാദത്ത്**<br>**ബഹു.എം.എൽ.എ** | **മറുപടി**<br>**ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് ധനകാര്യ വകുപ്പിന്റെ തുടർച്ചാനുമതി ഓരോ വർഷവും പുതുക്കി ലഭിച്ചുകൊണ്ട് പ്രവർത്തിക്കുന്ന വകുപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെടുന്നതും ആവശ്യം പൂർത്തീകരിച്ചു കഴിയുമ്പോൾ നിർത്തലാക്കുകയും ചെയ്യുന്ന ഓഫീസുകൾക്കും തസ്തികകൾക്കുമാണ് തുടർച്ചാനുമതി ആവശ്യമുള്ളത്. ഓരോ വകുപ്പും നൽകുന്ന ശുപാർശ പരിശോധിച്ചാണ് തുടർച്ചാനുമതി നൽകാറുള്ളത്. പല വകുപ്പുകളിലും ഇത്തരത്തിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകൾ ഉണ്ട്. റവന്യൂ വകുപ്പിന് കീഴിലുള്ള LA യൂണിറ്റുകൾ, ലാന്റ് ട്രിബ്യൂണലുകൾ, സർവ്വേ വകുപ്പിന് കീഴിലുള്ള റീസർവ്വേ ഓഫീസുകൾ, പോലീസ് വകുപ്പ്, വിജിലൻസ് വകുപ്പ്, വനം വകുപ്പ്,ജലസേചന വകുപ്പ്, ആരോഗ്യവകുപ്പ്. സാമൂഹ്യക്ഷേമവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിവിധ കമ്മീഷനുകൾ, പ്രോജക്ടുകൾ എന്നിവിടങ്ങളിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകൾ ഉണ്ട്. കൂടാതെ All India Service-ലെ Ex-cadre തസ്തികകളും തുടർച്ചാനുമതിയിലാണ് നിലനിർത്തി പോരുന്നത്. ഇവയുടെ ആവശ്യകത പരിശോധിച്ച് തുടർച്ച ആവശ്യമുള്ളവയ്ക്ക് തുടർച്ച നൽകുകയും ആവശ്യമില്ലാത്തവ നിർത്താലാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള ഓഫീസുകളുടെ പേരും ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച് ക്രോഡീകരിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. |
| ബി) | പ്രസ്തുത വകുപ്പുകളിലെ ഏതെല്ലാം ഓഫീസുകൾക്കും തസ്തികകൾക്കും ആണ് തുടർച്ചാനുമതി നിലവിൽ നൽകിയിട്ടുള്ളത്; ലിസ്റ്റ് ലഭ്യമാക്കാമോ; | |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വകുപ്പുകളിൽ തുടർച്ചാനുമതി നിഷേധിച്ചിട്ടുണ്ടോ; | |
| (ഡി) | ഉണ്ടെങ്കിൽ ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ